**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **30.01.2018-ന് മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. T - 1282**

**സ്കൂളുകളിലെ കളിസ്ഥലങ്ങളും അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പെടുത്താൻ നടപടി**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ. സി. ദിവാകരൻ | | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സ്കൂളുകളിലെ കളിസ്ഥലങ്ങളും അടിസ്ഥാനസൗകര്യങ്ങളും മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇതിനായി ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നല്കുമോ? | (എ) & (ബി) | ഓരോ സർക്കാർ വിദ്യാലയത്തിന്റെയും പ്രത്യേകതകളും ആവശ്യവും പരിഗണിച്ച് വിശദമായ രൂപരേഖ സ്കൂൾതല കമ്മിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. സ്കൂളുകളിലെ ഭൗതിക സാഹചര്യ വികസന പദ്ധതിയിൻകീഴിൽ കളിസ്ഥലത്തിന്റെ വികസനത്തിനും പ്രാധാന്യം നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൻകീഴിൽ സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി 2017-18 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ കിഫ്ബിയുടെ 5, 3 കോടി രൂപയുടെ സഹായത്തോടെ യഥാക്രമം 141, 229 സ്കൂളുകളുടെ പുനരുദ്ധാരണത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിൽ 301 സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾക്ക് (ഡി.പി.ആർ) ഭരണാനുമതിയും 208 എണ്ണത്തിന് 'കിഫ്ബി' അംഗീകാരവും ഇതിനകം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 69 സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു. ആർ.എം.എസ്.എ. അപ്ഗ്രേഡ് ചെയ്ത 52 സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിന്റെ സഹായത്തോടുകൂടി രണ്ടുകോടി രൂപയും നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ